# വാല്മീകി

തങ്ങളിൽ മുട്ടിയുരുമ്മിയിരിക്കുന്ന
രണ്ടിണ പ്രാക്കളായ് നിങ്ങളെൻ മുറ്റത്തു
വന്നൊരീ വൈശാഖ സന്ധ്യയിലിപ്പുറ–
ത്തമ്പും കുലച്ചു പിടിച്ചു നിൽക്കുന്നതീ
വല്ക്കലം ചുറ്റിയ ഞാനോ നിഷാദനോ?



ഉള്ളിലൊതുങ്ങാത്തൊരീ ക്കൊടും കാറ്റിൽ നി–
ന്നെന്നും വിറയ്ക്കുന്ന പൂവിതളായൊരു
കാനന വേണുവിൻ ചുണ്ടിൽ ത്തുളുമ്പിയ
മൗന സംഗീതത്തിൻ മാധുര്യമായ് വന്നു
നിങ്ങൾ ജനിക്കുന്നു പിന്നെയും, ചുറ്റിലും
കെട്ടിപ്പിണഞ്ഞു വളരുമീ വല്മീക–
മെന്നെ പ്പൊതിഞ്ഞു കഴിഞ്ഞൊരീ വേളയിൽ.

എൻെറയാത്മാവിനെ കൊത്തിപ്പറിക്കുവാൻ
നീണ്ട കഴുത്തുമായ്, കൂർത്ത നഖവുമായ്
കാത്തിരിക്കുന്ന കഴുകൻെറ കണ്ണിലെ
ആർത്തി കണ്ടാകെ ത്തളർന്ന നിമിഷങ്ങൾ
പേടിച്ചരണ്ട നിലാവു പോലോർമ്മയി–
ലോടിയൊളിക്കാനൊരുങ്ങുന്ന വേളയിൽ
താമരത്താരുകൾ മാതിരി നിങ്ങളെൻ
മാനസപ്പൊയ്കയിൽ വന്നു വിരിയവേ
പുത്തനുഷസ്സുകൾ നൃത്തം പഠിപ്പിക്കാ–
നെത്തുന്നു പിന്നെയും; കാലിൽ ച്ചിലങ്കകൾ
കൊഞ്ചിത്തുടങ്ങി ക്കഴിഞ്ഞു; ചിതൽപ്പുറ്റു
പൊട്ടിച്ചെണീറ്റു ഞാൻ നോക്കുന്നു നിങ്ങളെ
മഞ്ഞിൽക്കുളിച്ചു വിടർന്ന പുഷ്പങ്ങളേ!

ഏതോ യുഗങ്ങളിൽ മൂടിയുറക്കിയ
മാനവ വീരേതിഹാസ കഥയിലെ
മായിക മാസ്മര ലോകത്തിലെ പ്പാരി–
ജാതപുഷ്പങ്ങളേ! നിങ്ങളെന്നുള്ളിലെ
പൂജാമുറിയിലെ വാടാമലരുകൾ.

**എൻമിഴി മുന്നിൽ ത്തെളിയുന്നു നിങ്ങളെൻ**
**സ്വപ്നങ്ങളായ്, മുഗ്ധ മോഹങ്ങളായ്, കൊടും**
**ഭീതി തൻ നീലക്കരിമ്പടം മൂടിയ**
**മൂക ദുഃഖങ്ങൾ തൻ കണ്ണീർമണികളായ്.**

**നിങ്ങളെൻ കണ്ണിനു കർപ്പൂര ധാരയായ്**
**മന്ദഹസിക്കവേ യാരാണു മന്ദമെ-**
**ന്നന്തരാത്മാവിന്നഗാധ തലങ്ങളിൽ**
**വീണ മീട്ടുന്നൊരീ ഗന്ധർവ ഗായകൻ?**
**ഈണം പകരുമനശ്വര ഗായകൻ? ■**

**അവസാനിച്ചു.**